പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1250 **15-10-2026-ൽ മറുപടിയ്ക്ക്**

കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെങ്കിൽ നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂൾ അധ്യാപകർ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെങ്കിൽ നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ആനുകൂല്യങ്ങൾ നിഷേധിച്ച് കൊണ്ടുള്ള ഉത്തരവുകൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 31/08/2030 ന ശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ 31/08/2028 നകം കെ-ടെറ്റ് യോഗ്യത നേടിയില്ലെങ്കിൽ സർവീസിൽ നിന്നും പുറത്ത് പോകേണ്ടി വരും എന്ന് ബഹു. സുപ്രീംകോടതി 1/9/2025, 29/5/2026ലെ ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത യോഗ്യത നേടിയില്ലെങ്കിൽ സ്ഥാനക്കയറ്റമോ ഗ്രേഡോ ലഭ്യമാകുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: അനുവദിച്ച കാലയളവിനുള്ളിൽ യോഗ്യത നേടാത്തവർക്ക് സ്ഥാനക്കയറ്റം നൽകാനാവില്ല എന്ന് 01/09/2025 ലെ ഉത്തരവിലൂടെ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഗ്രേഡ് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ